LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ ഡിപ്പോയിൽ നിന്നും മിനി ബസ്സുകൾ അനുവദിക്കാൻ നടപടി

130 [3139] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര സർവ്വീസുകൾ ഏറ്റവും കൂടുതലുള്ള നാഷണൽ ഹൈവേയോട് ചേർന്നുള്ള ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മിനി ബസ്സുകൾ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മിനി ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമാന്തര സർവ്വീസുകൾ ഏറ്റവും കൂടുതലുള്ള നാഷണൽ ഹൈവേയുടെ ഭാഗങ്ങളിൽ ഇപ്പോൾ ആവശ്യത്തിന് മിനി ബസ്സ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇക്കാരണത്താലാണ് ചാത്തന്നൂർ ഡിപ്പോയ്ക്ക് പ്രത്യേകമായി മിനി ബസ്സ് അനുവദിക്കാത്തത്.

(ബി) മിനി ബസ്സുകൾ പുതുതായി ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചാത്തന്നൂർ ഡിപ്പോയിൽ എ. റ്റി. ഒ.-യെ നിയമിക്കാൻ നടപടി

131 [3140] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ 2003 ഡിസംബർ 31-നുശേഷം എ. റ്റി. ഒ.-യെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പുതിയ എ. റ്റി. ഒ.-യെ എപ്പോൾ നിയമിക്കുമെന്ന് വെളിപ്പെടുത്തുമോ?;

ഉത്തരം

(എ) കേന്ദ്രീകൃത കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി താരതമ്യേന ഷെഡ്യൂളുകൾ കുറവുള്ള യൂണിറ്റുകളുടെ നടത്തിപ്പ് ഭരണപരമായ സൗകര്യത്തിനുവേണ്ടി തൊട്ടടുത്തുള്ള മേജർ ഡിപ്പോയുടെ നിയന്ത്രണത്തിലാക്കിക്കൊണ്ട് കോർപ്പറേഷൻ ഉത്തരവിറക്കിയിരുന്നു. ഇതനുസരിച്ച് ചാത്തന്നൂർ യൂണിറ്റിന്റെ ഭരണപരമായ നിയന്ത്രണം, സബ്ഡിപ്പോ എന്ന നിലയിൽ ഉള്ള സ്റ്റാറ്റസ് നിലനിർത്തിക്കൊണ്ട് കൊല്ലം ഡിപ്പോയുടെ കീഴിലാണ്. ഭരണപരമായ നിയന്ത്രണം കൊല്ലം ഡിപ്പോയ്ക്ക് ആയതുകൊണ്ടാണ് ചാത്തന്നൂരിൽ എ.റ്റി.ഒ.-യെ നിയമിക്കാത്തത്.

(ബി) പുതിയ എ. റ്റി. ഒ.-യെ നിയമിക്കുന്ന കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല.